കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എരുമപ്പെട്ടി ഗ്രാമ പഞ്ചായത്ത്

## 2016-17

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം. കെ.എസ്.എ.ടി.എസ്.ആർ.(പി5)1195/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020.

ഫോൺ നമ്പർ -0487 2331249

തീയതി: 29.08.2017
e-mail: dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എരുമപ്പെട്ടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എരുമപ്പെട്ടി ഗ്രാമ പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരുമപ്പെട്ടി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡിക, ഭാഗം 3 ലെ ഖണ്ഡിക എന്നിവകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം

സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, സംസ്ഥാനഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി5)1195/2017 തീയ്യതി 29.08.2017

തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 01.04.2016 മുതൽ 31.03.2017 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ്

അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ചേക്കുട്ടി കെ.യു.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.7.2017 മുതൽ<br>24.7.2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | | |
|---|---|---|
| ശ്രീ. എൻ.സതീശൻ | : | ഓഡിറ്റ് ഓഫീസർ (ഹഗ്രേ) |
| ശ്രീമതി. ഹണി കെ.എസ്. | : | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. വിദ്യ വിക്രമൻ | : | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ലിഷ. കെ.വി | | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

നിർവ്വഹണ അധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി. മീന ശലമോൻ | 01.04.2016 മുതൽ<br>31.3.2017 വരെ |
| സെക്രട്ടറി | ശ്രീ.എൻ. ഹരികുമാർ, | 01.04.2016 മുതൽ<br>01.10.2016വരെ |
| | ശ്രീമതി. വൃന്ദ. വി (അസി.സെക്രട്ടറി ഇൻ ചാർജ്) | 02.10.2016 മുതൽ 26.10.2016 വരെ |
| | ശ്രീ.കുരിയൻ ടി.പി., | 27.10.2016 മുതൽ<br>31.03.2017വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീമതി.വൃന്ദ .വി | 01.4.2016 മുതൽ<br>31.03.2017വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ലാലി.വി.ടി | 01.04.16 മുതൽ 04.12.2016 വരെ |
| | ശ്രീമതി.രതി.ആർ.മേനോൻ | 05.12.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, എരുമപ്പെട്ടി | ഡോ.ടോണി.എ.കെ | 01.04.2016 മുതൽ 31.03.2017വരെ |
| വെറ്ററിനറി സർജൻ | ഡോ.കുര്യാക്കോസ് | 01.04.16 മുതൽ 31.3.2017വരെ |
| അസിസ്റ്റൻറ് എഞ്ചിനീയർ | ശ്രീമതി. എം.ജി. ഷൈന | 01.04.16 മുതൽ 31.03.2017വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ബിജി കെ.ആർ | 01.04.2016 മുതൽ 31.5.2016 വരെ |
| | ശ്രീ.മനോജ്. എൻ. | 01.06.2016 മുതൽ 12.03.2017 വരെ |
| | ശ്രീമതി. വിനിത .വി | 13.03.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.സ്മിനി.ജെ.മുഞ്ഞേലി | 01.04.2016 മുതൽ 31.03.2017വരെ |
| ഹെഡ്മിസ്ട്രസ്സ്, ഗവ.എൽ.പി.സ്കൂൾ, എരുമപ്പെട്ടി | ശ്രീമതി.മധുബാല പി | 01.04.2016 മുതൽ 31.03.2017വരെ |
| വി.ഇ.ഒ. | ശ്രീ.പ്രസൂൺ പവിത്രൻ.എം (കുണ്ടന്നൂർ സെക്ഷൻ) | 01.04.2016 മുതൽ 31.03.2017വരെ |
| | ശ്രീ.ഷാജു. എം.എം., (എരുമപ്പെട്ടി സർക്കിൾ) | 01.4.2016 മുതൽ 30.9.2016വരെ |
| | ശ്രീ.ജസ്റ്റിൻ സെബാസ്റ്റ്യൻ (എരുമപ്പെട്ടി സർക്കിൾ) | 1.10.2016 മുതൽ 31.3.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം - 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം - 2 | |
| 11 | തൊഴിൽ നികുതി അപാകതകൾ – വ്യക്തികളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-1 |
| 12 | റഗുലറൈസേഷൻ ഫീ ഈടാക്കിയിട്ടില്ല | 2-2 |
| 13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-3 |
| 14 | വാടക കുടിശിക ഈടാക്കിയിട്ടില്ല | 2-4 |
| 15 | ടെണ്ടർ - ടെണ്ടർ ഫോം വില – ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട12670/- രൂപ ലഭിക്കാൻ നടപടി സ്വീകരിക്കണം | 2-5 |
| | ഭാഗം - 3 | |
| 16 | തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം പൂർണ്ണമായിട്ടില്ല. | 3-1 |
| 17 | വാട്ടർ അതോറിറ്റിയുടെ പൊതു ടാപ്പുകളുടെ കൃത്യത ഉറപ്പാക്കിയിട്ടില്ല. | 3-2 |
| 18 | റോഡ് നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി അവസാനിപ്പിക്കുന്നു. | 3-3 |
| 19 | ഗുണഭോക്തൃ സമിതികൾ നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികൾ - അപാകതകൾ. | 3-4 |
| 20 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം- വെൽഫയർ ഫണ്ട് ബോർഡിൽ അടവാക്കിയ തുകയുടെ വിവരം പ്രത്യേകം എഴുതി സൂക്ഷിച്ചിട്ടില്ല. | 3-5 |
| 21 | പൊതുകിണർ വൃത്തിയാക്കൽ - അപാകതകൾ | 3-6 |
| 22 | കുടിവെള്ള പദ്ധതികൾ - പൂർത്തിയായിട്ടില്ല. | 3-7 |
| 23 | ബഡ്സ് സ്കൂൾ നിർമ്മാണം - ലക്ഷ്യം കൈവരിച്ചിട്ടില്ല. | 3-8 |
| 24 | നിർമ്മിതിക്ക് തുക കൈമാറൽ--- അപാകതകൾ | 3-9 |
| 25 | വികലാംഗതൊഴിൽ പരിശീലനകേന്ദ്രം പ്രയോജനപ്പെടുത്തിയിട്ടില്ല. | 3-10 |
| 26 | വിനിയോഗവിവരം ഇല്ല –തുക തടസ്സപ്പെടുത്തുന്നു. | 3-11 |
| 27 | തെരുവുവിളക്ക് റിപ്പയർ(192/17)-- ടെണ്ടർ അപാകതകൾ | 3-12 |

| | | |
|---|---|---|
| 28 | കർഷകർക്ക് ഉൽപ്പാദനബോണസ് – മുഴവൻ ഗുണഭോക്താക്കളുടെ എക്കൗണ്ടുകളിലേക്കും തുക കൈമാറിയിട്ടില്ല. | 3-13 |
| 29 | ആശ്രയ പദ്ധതി തുക ചെലവഴിച്ചിട്ടില്ല | 3-14 |
| 30 | യഥാസമയം മരുന്ന് ലഭ്യമാകുന്നില്ല. | 3-15 |
| 31 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് -ട്രഷറിയിൽ നിന്നും പിൻവലിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല | 3-16 |
| 32 | ഗാർഹിക കക്കൂസ് നിർമ്മാണം-ശുചിത്വ മിഷൻ വഴി കേന്ദ്രവിഹിതം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-17 |
| 33 | മെഡിക്കൽ ഓഫീസർ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-18 |
| 34 | വിവാഹ ധനസഹായം -- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. | 3-19 |
| 35 | ക്ഷേമപെൻഷൻ -- രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 3-20 |
| 36 | സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 3-21 |
| 37 | സഞ്ചിത നിധി-തുക തിരികെ അടവാക്കിയിട്ടില്ല | 3-22 |
| | ഭാഗം - 4 | |
| 38 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 39 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 41 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 47 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |



# ഭാഗം 1

## പൊതു അവലോകനം

# 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 4/3/2016 തിയ്യതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

# 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/7/2017 | 12/7/17 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017 | 21/7/17 |

വാർഷിക കണക്കിലെ അപാകത ചുവടെ ചേർക്കുന്നു

1) വാടക ഇനത്തിലുള്ള വരവിന്റെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് (തൻവർഷത്തെയും, കുടിശ്ശികയുടെയും) എന്നിവ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2) വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് (തൻവർഷം, കുടിശ്ശിക)എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിരിക്കുന്ന ഡി.സി.ബി. രജിസ്റ്റർ, വാർഷിക കണക്ക് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

തൻവർഷം

| | ഡിമാന്റ് | കളക്ഷൻ | അഡ്വാൻസ് അഡ്ജസ്റ്റ്മെന്റ് | ബാലൻസ് |
|---|---|---|---|---|
| സാംഖ്യ പ്രകാരം | 2852329 | 1701312 | 2146 | 1149096 |
| സഞ്ചയ പ്രകാരം | 2852329 | - | 154479 | 1511583 |

കുടിശ്ശിക

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് (വന്നത്) | വരേണ്ടത് (ഡിമാന്റ്- കളക്ഷൻ) |
|---|---|---|---|---|
| സാംഖ്യ പ്രകാരം | 1039093 | 881506 | 888427 | 157587 |
| സഞ്ചയ പ്രകാരം | 3493316 | 746797 | 2985786 | 2746519 |

ബി)2015-16 ൽ “350410101-Advance collection of revenues- Property tax on residential buildings“ എന്ന ശീർഷകത്തിൽ 2146 രൂപയാണ് നീക്കിയിരിപ്പ് ഉണ്ടായിരുന്നത്. എന്നാൽ ഡി.സി.ബി പത്രിക പ്രകാരം അഡ്വാൻസ് കളക്ഷൻ നടത്തിയ 2146 രൂപയേക്കാൾ കൂടുതലായ 154479 രൂപ അഡ്വാൻസ് തുകയിൽ നിന്നും ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തിയിരിക്കുന്നു.

3)വിവിധ കുടിവെള്ള പദ്ധതികളുടെ നിർവ്വഹണത്തിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് മുൻകൂർ നല്കിയ താഴെപ്പറയുന്ന തുകകൾ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 – Loans, advances and deposits എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക |
|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | എരുമപ്പെട്ടി ബി.എസ്.എൻ.എൽ. പരിസരം കുടിവെള്ള പദ്ധതി | 21601080/14.3.17 | 450000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | മോസ്കോ കൊട്ടുമ്പ് കുടിവെള്ള പദ്ധതി | 21601082/14.3.17 | 446982 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | മുരിങ്ങത്തേരി കോളനി കുടിവെള്ള പദ്ധതി | 21601081/14.3.17 | 200000 |

ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് മുൻകൂർ നല്കിയപ്പോൾ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് മുൻപ് അഡ്വാൻസായി ബുക്ക് ചെയ്യുന്നതിന് പകരം 410400101-Drinking water sources എന്ന ഹെഡ്ഡിൽ ചെലവായി കാണിച്ചതിനാലാണ് മേൽപ്രകാരം തെറ്റായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

4)ഡി & ഒ ലൈസൻസ് ഫീയുടെ വാർഷിക കണക്കു പ്രകാരവും, രജിസ്റ്റർ പ്രകാരവുമുള്ള ഡിമാന്റ് 59150/- രൂപയാണ്. മുൻവർഷം 3600/- രൂപ അഡ്വാൻസ് കളക്റ്റ് ചെയ്തിട്ടുണ്ട് (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9, ഹെഡ്ഡ് 350410301പ്രകാരം). ടി തുക ഡിമാന്റിൽ നിന്ന് കുറവ് ചെയ്യുമ്പോൾ (59150-3600) തൻവർഷം കളക്ഷൻ തുകയായി വരേണ്ടത് 55550/-രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം വരവ് 55950/- .വ്യത്യാസം 400/- രൂപ.

5)നാളിതുവരെയുള്ള ആസ്തി, ബാധ്യത വിവരങ്ങൾ തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

6)ഓപ്പണിങ്ങ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷം നടത്തിയ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിങ്ങ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ്, വാർഷിക കണക്കിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17571782 |
| വരവ് | 52698209 |
| ആകെ | 70269991 |
| ചെലവ് | 50996356 |
| നീക്കിയിരിപ്പ്- | 19273635 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (അലോട്ട്മെന്റ് പ്രകാരം) | ആകെ | ചെലവ് | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13790672 | 13790672 | 11393475 | 2397197 | 82.6 |
| വികസനഫണ്ട് എസ്.സി.പി. | 0 | 10769991 | 10769991 | 4325291 | 6444700 | 40 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6140217 | 6140217 | 1659820 | 4480397 | 27.03 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3683469 | 3683469 | 3289250 | 394219 | 89.29 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7733982 | 7733982 | 6421695 | 1312287 | 83 |
| ലോക ബാങ്ക് സഹായം | 0 | 4047760 | 4047760 | 2303531 | 1744229 | 56.9 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 184 | 69417953 | 112 | 33420712 | 5 | 67 | 60.86 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 19.28% വർദ്ധനവ് ഉണ്ടായിട്ടുണ്ട്

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2959660 | 3733908 | 774248 | 26.16 |
| നികുതിയേതര വരവുകൾ | 1404334 | 1524514 | 120180 | 8.55 |
| മറ്റുവരവുകൾ | 64495 | 23858 | (-)40637 | (-)63 |
| ആകെ | 4428429 | 5282280 | 853851 | (+)19.28 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 246960 | 280 |
| കർഷകതൊഴിലാളി പെൻഷൻ | 5529270 | 620 |
| വിധവാപെൻഷൻ | 15010750 | 1405 |
| വാർദ്ധക്യകാലപെൻഷൻ | 19148485 | 1990 |
| വികലാംഗപെൻഷൻ | 3414005 | 355 |
| 50വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2260460 | 232 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 450000 | 15 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21/7/2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12447/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13/7/17 | 4/17 - 6/17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് | 15/12/14 | 2009-10 മുതൽ | 9/4/15 |

| ജനറലിന്റെ ഓഡിറ്റ് | | 2013-14 വരെ | |
|---|---|---|---|

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി അപാകതകൾ - വ്യക്തികളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ ശ്രീ. ഉണ്ണികൃഷ്ണൻ, താൽക്കാലിക ഡ്രൈവർ തസ്തികയിൽ ജോലിയെടുത്തിട്ടുണ്ട്. ടിയാന്റെ അർദ്ധവാർഷിക വരുമാനം കണക്കാക്കി തൊഴിൽനികുതി ഡിമാന്റ് ചെയ്യുകയോ, പിരിക്കുകയോ ചെയ്തിട്ടില്ല. ടിയാന്റെ അർദ്ധ വാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽനികുതി കണക്കാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

<u>വ്യക്തികളുടെ തൊഴിൽ നികുതി തുക ഈടാക്കിയതിൽ കുറവ്</u>

1) കേരള ഖാദി ഗ്രാമ വ്യവസായ അസോസിയേഷൻ ഖാദി സെന്റർ, എരുമപ്പെട്ടിയിൽ നിന്നും 2016-17 രണ്ടാം അർദ്ധവർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ താഴെ പറയും പ്രകാരം കുറവ് വന്നിട്ടുണ്ട്.

| ജീവനക്കാരുടെ പേര് | ഉദ്യോഗപ്പേര് | അടിസ്ഥാന ശമ്പളം | ക്ഷാമബത്ത | മറ്റ് അലവൻസ് | ആകെ | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|---|---|
| രഘു.എം.കെ. | മാനേജർ | 11725 | 5276 | 1500 | 111006 | 180 | 1000 | 820 |
| വിനീത്. വി. | സ്പിന്നിംഗ് ഇൻസ്ട്രക്ടർ | 10200 | 4590 | 1000 | 94740 | 120 | 750 | 630 |
| ഗീത. ടി.ജി. | സ്പിന്നിംഗ് ഇൻസ്ട്രക്ടർ | 9150 | 4118 | 1000 | 85608 | 120 | 750 | 630 |
| പ്രിയ. എ.ജി. | സെയിൽസ് അസിസ്റ്റന്റ് | 9150 | 4118 | 1000 | 85608 | 120 | 750 | 630 |
| ചന്ദ്രിക.പി.എസ്. | വീവിംഗ് ഗൈഡ് | 9150 | 4118 | 1000 | 85608 | 120 | 750 | 630 |
| നീതു.കെ.കൃഷ്ണൻ | മാനേജർ | 9150 | 4118 | 1500 | 88608 | 120 | 750 | 630 |
| | | | | | | | ആകെ | 3970 |

2) കൊശമറ്റം ഫിനാൻസ് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

## 2-2 റഗുലറൈസേഷൻ ഫീയോടൊപ്പം പെർമിറ്റ് ഫീ ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 137(4)ൽ രാജിയാക്കൽ ഫീസ് പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സർക്കുലർ നം.

229813/RD/2/15 തസ്വഭവ തിയ്യതി 11.11.15 പ്രകാരം ക്രമവത്ക്കരണ അപേക്ഷകളിന്മേൽ പെർമിറ്റ് പുതുതായി അനുവദിക്കേണ്ടവയുടെ കാര്യത്തിൽ രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസ് കൂടി വാങ്ങേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ റഗുലറൈസേഷൻ ഫീയോടൊപ്പം പെർമിറ്റ് ഫീ കൂടി ഈടാക്കാത്തതിനാൽ 21936 രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയത് ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

| രശീതി നം./തിയ്യതി | വ്യക്തികളുടെ പേര് | ഫയൽ നം | വിസ്തീർണ്ണം | ഈടാക്കിയ ഫീസ് | പെർമിറ്റ് ഫീ ഉൾപ്പെടെ ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 11604100563/ 23.04.16 | ജബ്ബാർ, കല്ലായിവളപ്പിൽ, കരിയന്നൂർ | A3-2319/16 | 163.09 | 980 | 1468 | 488 |
| 11604100934/ 19.05.16 | അബ്ദുൾ അസീസ്, ചാത്തംകുളം | A3-2711/16 | 190.64 | 1150 | 1716 | 566 |
| 11604161358/ 14.06.16 | ഷംസുദ്ദീൻ | A3-5334/15 | 173 | 1080 | 1557 | 477 |
| 11604102293/ 08.09.16 | മോഹനൻ കൽപ്പുറത്ത് | A3-3574 | 244.62 | 1530 | 2202 | 672 |
| 11604102268/ 06.09.16 | അസീസ്, ചിറ്റണ്ട | A3-4954/16 | 258.7 | 1560 | 2329 | 769 |
| 11604102238/ 03.09.16 | ബാബു, ഇടയാട്ടിൽ | A3-4810/16 | 145.87 | 880 | 1313 | 433 |
| 11604102214/ 31.08.16 | മുഹമ്മദ്കുട്ടി, കാഞ്ഞിരക്കോട് | A3-4706/16 | 170.51 | 1030 | 1535 | 505 |
| 11604104947/ 20.02.17 | രാധ, നെല്ലുവായ് | B4-400/17 | 101.2 | 303 | 911 | 608 |
| 1160410508/ 27.02.17 | ജോൺസൺ, കാവീട്ടിൽ, മങ്ങാട് | A3-690/17 | 157.51 | 468 | 1418 | 950 |
| 11604105220/ 07.03.17 | അംബിക കുണ്ടലിയൂർ | A3-6825/16 | 110.34 | 333 | 993 | 660 |
| 11604105573/ 20.03.17 | ജസ്റ്റിൻ, വാഴപ്പിള്ളി . | A3-1138/17 | 152.92 | 500 | 1376 | 876 |
| 11604105578/ 21.03.17 | രാജേഷ്, കാഞ്ഞുള്ളി നെല്ലുവായ് | A3-1104/17 | 157 | 471 | 1413 | 942 |
| 11604105919/ 24.03.17 | ലക്ഷ്മിക്കുട്ടിയമ്മ, കുണ്ടന്നൂർ | A3-889/17 | 113.85 | 342 | 1025 | 683 |

| | | | | | | |
|---|---|---|---|---|---|---|
| 11604105963/ 29.03.17 | പ്രകാശൻ, കണ്ടന്നൂർ | A3-247/17 | 153.69 | 462 | 1383 | 921 |
| 11604105973/ 29.03.17 | ആസിയ , നെല്ലുവായ് | B2-572/17 | 266.76 | 801 | 2401 | 1600 |
| 11604104780/ 08.02.17 | സരോജിനി, കുട്ടഞ്ചേരി | A3-434/17 | 129.86 | 440 | 1169 | 729 |
| 11604104535/ 23.01.17 | ബഷീർ, | A3-734/16 | 194.91 | 582 | 1754 | 1172 |
| 11604104446/ 18.01.17 | ശ്രീപതി, കീഴശ്ശേരി | A3-7468/16 | 162.91 | 980 | 1466 | 486 |
| 11604104088/ 31.12.16 | സാവിത്രിയമ്മ, | A3-7059/16 | 113.25 | 700 | 1019 | 319 |
| 11604104119/ 03.01.17 | ബിജോയ്, കാഞ്ഞിരക്കോട് | A3-7025/16 | 174.6 | 1050 | 1571 | 521 |
| 11604104050/ 30.12.16 | ജെയ്സൺ, ആളൂർ | A3-7016/ | 112.65 | 680 | 1014 | 334 |
| 11604103458/ 14.12.16 | ബിജു, ആറ്റത്ര | A3-5435/16 | 135.26 | 820 | 1217 | 397 |
| 11604102354/ 20.09.16 | ബാലൻ, എരുമപ്പെട്ടി | A3-5191/16 | 280.15 | 180 | 2521 | 2341 |
| 11604102838/ 28.10.16 | മുജീബ് റഹ്മാൻ, എരുമപ്പെട്ടി | A3-6247/16 | 190.4 | 1170 | 1713 | 543 |
| 11604102821/ 28.10.16 | സഹദേവൻ, നെല്ലുവായ് | A3-5983/16 | 171.03 | 1030 | 1539 | 509 |
| 11604102997/ 08.11.16 | അജിത്, മുതിരപറമ്പിൽ | A3-6390/16 | 196.6 | 1200 | 1769 | 569 |
| 11604103293/ 30.11.16 | മല്ലിക, നെല്ലുവായ് | A3-6242/16 | 157.77 | 950 | 1420 | 470 |
| 11604103292/ 30.11.16 | കരുണാകരൻ, കുട്ടഞ്ചേരി | A3-6650/16 | 122.30 | 740 | 1100 | 360 |
| 11604103365/ 07.12.16 | സിജു, എരുമപ്പെട്ടി | A3-6760/16 | 104.33 | 630 | 939 | 309 |
| 11604101468/ 20.06.16 | രമാദേവി, നെല്ലുവായ് | A3-2608/16 | 284 | 1710 | 2556 | 846 |
| | | | | | | 21055 |

## 2-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളുടെ 2016-2017 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1.BSNL എരുമപ്പെട്ടി - ഒന്നും രണ്ടും അർദ്ധവർഷം

2.കേരള ഖാദി ഗ്രാമ വ്യവസായ അസോസിയേഷൻ ഖാദി സെന്റർ, എരുമപ്പെട്ടി - ഒന്നും രണ്ടും അർദ്ധവർഷം

3.ഖാദി സെന്റർ കുണ്ടന്നൂർ - ഒന്നും രണ്ടും അർദ്ധവർഷം

4.മാവേലി സ്റ്റോർ, എരുമപ്പെട്ടി - ഒന്നും രണ്ടും അർദ്ധവർഷം

5.രാധാകൃഷ്ണ ഫിനാൻസ് Pvt Ltd., എരുമപ്പെട്ടി - ഒന്നും രണ്ടും അർദ്ധവർഷം

6.ബ്രാഞ്ച് SBT തൃക്കണപതിയാരം - രണ്ടാം അർദ്ധവർഷം

7.സൗത്ത് ഇന്ത്യൻ ബാങ്ക് - രണ്ടാം അർദ്ധവർഷം

സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

## 2-4 വാടക കുടിശിക ഈടാക്കിയിട്ടില്ല

വാടക രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾ കുടിശിക വരുത്തിയിട്ടുള്ളതായി കാണുന്നു

| നം. | കെട്ടിട നം | സ്ഥാപനം | 31.03.17ലെ കുടിശിക |
|---|---|---|---|
| 1 | 6-244-A | വനിത വ്യവസായ സഹകരണ സംഘം | 91116 |
| 2 | 16-446 | മാവേലി സ്റ്റോർ | 4074 |

കുടിശ്ശിക തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 ടെണ്ടർ - ടെണ്ടർ ഫോം വില – ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട12670/- രൂപ ലഭിക്കാൻ നടപടി സ്വീകരിക്കണം

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്ത് പണികളിൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ പ്രോജക്ടുകളുടെ ടെണ്ടർ ഫോം ഫീസ് സർക്കാർ ഉത്തരവ് (എം.എസ്) 318/2013ത.സ്വ.ഭ.വ. തീയതി 28-9-2013 പ്രകാരം ജില്ലയിലെ എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. എരുമപ്പെട്ടി ഗ്രാമ പഞ്ചായത്ത് അസ്.എഞ്ചിനീയർ ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ 2016-17 ൽ 12670/- രൂപ എൽ.എസ്.ജി.ഡി എക്സി. എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ തുക എരുമപ്പെട്ടി ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ ഉൾപ്പെടേണ്ട തുകയായതിനാൽ തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം പൂർണ്ണമായിട്ടില്ല.

എരുമപ്പെട്ടി ഗ്രാമ പഞ്ചായത്ത് 2016-17 വർഷം തെരുവു വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ 2017 ഫെബ്രുവരി വരെ 94,505/- രൂപ നിരക്കിലും 2017 മാർച്ചിൽ 76,630/- രൂപയും കെ.എസ്. ഇ ബി യിൽ അടവാക്കിയിട്ടുണ്ട്. സാമ്പത്തിക വർഷം ഈ ഇനത്തിൽ ഗ്രാമ പഞ്ചായത്ത് 11,16,185/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്ന പ്രവർത്തനം പഞ്ചായത്ത് കൈക്കൊള്ളുന്ന പക്ഷം വൈദ്യുതി ചാർജ്ജ് ഇനത്തിൽ വരുന്ന ചെലവ് ഗണ്യമായി കുറക്കാവുന്നതാണ് എന്നതിനാൽ ഇക്കാര്യത്തിൽ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നടത്തിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തതിർത്തിയിൽ വടക്കാഞ്ചേരി സെക്ഷൻ പ്രദേശത്ത് മീറ്ററിംഗിന്റെ അടിസ്ഥാനത്തിലാണ് ബിൽ തുക അടവാക്കുന്നതെന്ന് അറിയിക്കുകയുണ്ടായി. മീറ്ററിംഗ് പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

കുണ്ടന്നൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പരിധിയിൽ വരുന്ന എരുമപ്പെട്ടി ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി താഴെ പറയും പ്രകാരം സ്ട്രീറ്റ് ലൈറ്റുകൾ നിലവിലുള്ളതായി അസി. എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി, കുണ്ടന്നൂർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

ഓർഡിനറി ബൾബ് - 585

ട്യൂബ് - 323

സി.എഫ്.എൽ - 690

എസ്.വി.ലാമ്പ് - 22

ആകെ - 1,620

മേൽ പറഞ്ഞ സ്ട്രീറ്റ് ലൈറ്റുകളുടെ കൃത്യത സംയുക്ത പരിശോധന നടത്തി ഉറപ്പുവരുത്തേണ്ടതും, ഓർഡിനറി ബൾബുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന കാര്യം ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-2 <u>വാട്ടർ അതോറിറ്റിയുടെ പൊതു ടാപ്പുകളുടെ കൃത്യത ഉറപ്പാക്കിയിട്ടില്ല.</u>

ഗ്രാമ പഞ്ചായത്ത് പരിധിയിലെ ജല അതോറിറ്റിയുടെ പൊതു ടാപ്പുകൾക്ക് വെള്ളക്കരം ഇനത്തിൽ 1,20,313/- രൂപ മാസം തോറും ഗ്രാമ പഞ്ചായത്ത് ജല അതോറിറ്റിയിൽ ഒടുക്കിവരുന്നു. സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാക്കാതെയാണ് തുക ഒടുക്കിവരുന്നത്.

ഗ്രാമ പഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയോ, ഇല്ലാത്ത ടാപ്പുകൾക്ക് കരം അടക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ കൃത്യത ഉറപ്പാക്കുകയും, ഇല്ലാത്ത ടാപ്പുകൾക്ക് വെള്ളക്കരം അടക്കുന്നില്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്ന സംഗതിയിൽ ഗ്രാമ പഞ്ചായത്ത് സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-3 റോഡ് നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി അവസാനിപ്പിക്കുന്നു.

ഗ്രാമ പഞ്ചായത്ത് 2016-17ൽ ഏറ്റെടുത്ത ചില റോഡുനിർമ്മാണ പ്രവൃത്തികളിൽ താഴെ പറയുന്ന റോഡുകൾ സോളിംഗ് വരെയുള്ള ഇനങ്ങൾ പൂർത്തീകരിച്ച് അവസാനിപ്പിച്ചതായി കാണുന്നു.

പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | അയ്യപ്പൻകാവ് സബ് റോഡ് സോളിംഗ് (131/17) | 1,50,000 | 1,49,245 |
| 2 | നെല്ലുവായ് അമ്പലം കിഴക്ക് റോഡ് സോളിംഗ് (171/17) | 2,50,000 | 2,26,637 |

ഐ.ആർ.സി സ്പെസിഫിക്കേഷനനുസരിച്ച് സോളിംഗ് നടത്തിയ ശേഷം സീസണിങ്ങിനു വേണ്ടി ഒരു വർഷം വരെയുള്ള കാലയളവ് അനുവദനീയമാണെങ്കിലും റോഡ് ഗതാഗതത്തിന് തുറന്ന് കൊടുക്കാതെയാണ് അതുവരെ സൂക്ഷിക്കേണ്ടത്. മെറ്റലിങ്ങിന് ശേഷം ഉടൻതന്നെ ഗതാഗതത്തിന് തുറന്നുകൊടുക്കുന്നത് മൂലം മെറ്റലിംഗ് ഇളകിത്തെറിച്ച് യാത്ര കൂടുതൽ ദുഷ്കരമാവുകയും പിന്നീട് ടാറിംഗ് പ്രോജക്റ്റ് ഏറ്റെടുക്കുന്ന സന്ദർഭത്തിൽ അതുവരെ പൂർത്തീകരിച്ച ഇനങ്ങൾ വീണ്ടും ചെയ്യേണ്ട അവസ്ഥയുണ്ടാവുകയും ഇത് സാമ്പത്തിക നഷ്ടം ഉണ്ടാക്കുകയും ചെയ്യുന്നു.

തുടർ പ്രവർത്തനങ്ങൾക്കായി 2017-18 വർഷത്തിൽ മേൽ പറഞ്ഞ പ്രൊജക്റ്റുകൾ അംഗീകാരത്തിന് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 07/16-17 തീയതി 19-7-17) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ നെല്ലുവായ് അമ്പലം കിഴക്ക് റോഡ് എന്ന റോഡിന്റെ ടാറിംഗ് പ്രവൃത്തികൾക്കുള്ള തുക 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, ഫണ്ടിന്റെ അപര്യാപ്തതമൂലം അയ്യപ്പൻകാവ് റോഡ് പൂർത്തീകരണം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നും അറിയിച്ചു. മരാമത്തു പ്രവൃത്തികൾ ഭാഗീകമായി ആസൂത്രണം ചെയ്യുന്നതിനു പകരം പൂർത്തീകരണത്തിന് ആവശ്യമായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ് എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-4 ഗുണഭോക്തൃ സമിതികൾ നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികൾ - അപാകതകൾ.

2016-17 സാമ്പത്തിക വർഷം പൂർത്തിയാക്കിയ, ഗുണഭോക്തൃ സമിതി വഴി നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ ബിൽ പരിശോധിച്ചതിൽ അപാകതകൾ കാണുന്നു.
പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ/ പ്രവൃത്തിയുടെ പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | കൺ വീനർ | അളവ് പുസ്തകം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 102/17<br>കുണ്ടന്നൂർ ശ്രീകൃഷ്ണപുരം അമ്പലം റോഡ് കോൺക്രീറ്റിംഗ് | 4,50,000 | 4,49,430 | 40/29-3-17 | അസി. എഞ്ചിനീയർ | ബിനീഷ്.പി.ബി | 31-16-17 |
| 104/17<br>മുള്ളൻകോട് റൈസ് മിൽ റോഡ് കോൺക്രീറ്റിംഗ് | 4,90,000 | 4,89,645 | 20/2-3-17 | അസി. എഞ്ചിനീയർ | സേവിയർ | 9-16-17 |

1. മേൽ പ്രവൃത്തിക്കായി മെറ്റൽ, മണൽ, സിമെന്റ് തുടങ്ങിയ നിർമ്മാണ സാധനങ്ങളുടെ വില യഥാക്രമം 2,99,400/- രൂപയും 3,30,000/- രൂപയും ആയവ നൽകിയ വ്യക്തികൾ കൺവീനർമാരിൽ നിന്നും കൈപ്പറ്റിയതിന്റെ വൗച്ചർ മാത്രമെ ഫയലിൽ കാണുന്നുള്ളൂ. 1999 ലെ ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള പ്രവൃത്തികൾക്ക് നിർമ്മാണ സാധനങ്ങൾ വാങ്ങുമ്പോൾ സാധനങ്ങളുടെ അളവ്, നിരക്ക്, മൊത്തം വില, തീയതി എന്നിവ രേഖപ്പെടുത്തിയ ക്യാഷ് ബില്ലോ, രശീതിയോ വേണം. സാധനങ്ങൾ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ, ഡീലർമാരിൽ നിന്നോ മാത്രമെ വാങ്ങാവൂ എന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്.

2. അംഗീകൃത ക്രഷർ യൂണിറ്റുകളിൽ നിന്നും മെറ്റൽ, എം.സാന്റ് എന്നിവ വാങ്ങുമ്പോൾ വാറ്റ് ബിൽ നിർബന്ധമായും ഫയലിൽ സൂക്ഷിക്കേണ്ടതും മണൽ പാസ് മുഖേന മണൽ ലഭ്യമാക്കേണ്ടതും പാസുകൾ ഫയലിൽ സൂക്ഷിച്ച് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. ആയവ ഫയലിൽ ഇല്ല.

3. ഗുണഭോക്തൃ സമിതിയുടെ ചെയർമാനും, കൺവീനറും, അംഗങ്ങളും പ്രോജക്ടിൽ പറഞ്ഞിട്ടുള്ള ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾ തന്നെയാണെന്ന് പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. തൊഴിലാളികളുടെ പൂർണ്ണമായ വിവരങ്ങൾ, തീയതി എന്നിവ രേഖപ്പെടുത്തി ഒപ്പുവച്ചുകൊണ്ടുള്ള മസ്റ്റർ റോളുകൾ ഹാജരാക്കിയിട്ടില്ല.

5. ഗുണഭോക്തൃ സമിതിയുടെ വരവ് ചെലവ് കണക്കുകൾ ആരുംതന്നെ സൂക്ഷ്മ പരിശോധന നടത്തിയിട്ടില്ല.

6. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 09/16-17 തീയതി 21-7-17) പുറപ്പെടുവിച്ചതിന് നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ മേൽ പ്രവൃത്തികൾക്ക് വേണ്ടി വിനിയോഗിച്ച 9,39,075/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം- വെൽഫയർ ഫണ്ട് ബോർഡിൽ അടവാക്കിയ തുകയുടെ വിവരം പ്രത്യേകം എഴുതി സൂക്ഷിച്ചിട്ടില്ല.

2016-17 സാമ്പത്തിക വർഷം നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഇനത്തിൽ വെൽഫെയർഫണ്ട് ബോർഡിൽ അടവാക്കിയ തുകയുടെ കൃത്യത പരിശോധിക്കുന്നതിനായി ആയത് അടവാക്കിയതിന്റെ രശീതികളും, തുക രേഖപ്പെടുത്തുന്ന രജിസ്റ്ററും ഓഡിറ്റിന് ഹാജരാക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടപ്പോൾ (ഓഡിറ്റ് എൻക്വയറി നമ്പർ 04/16-17 തീയതി 18-7-17) ലഭ്യമാക്കിയ മറുപടിയിൽ, 2016-17 വർഷത്തിൽ KCWWF ഇനത്തിൽ 110357/- രൂപ വകയിരുത്തി വെൽഫെയർ ഫണ്ടിൽ അടവാക്കിയിട്ടുള്ളതായി അറിയിച്ചു. വെൽഫയർ ഫണ്ട് ബോർഡിൽ അടവാക്കിയ തുകയുടെ വിവരം പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 3-6 പൊതുകിണർ വൃത്തിയാക്കൽ - അപാകതകൾ

എരുമപ്പെട്ടി ഗ്രാമ പഞ്ചായത്ത് 2016-17 വർഷം നടപ്പിലാക്കിയ പൊതുകിണർ വൃത്തിയാക്കൽ പ്രവൃത്തികൾക്കുള്ള പ്രോജക്ടുകൾക്കായി തൻവർഷം 52637/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ/പ്രവൃത്തിയുടെ പേര് | അടങ്കൽ | ബിൽ നമ്പർ/തീയതി | ചെലവ് തുക |
|---|---|---|---|
| 183/17<br><br>തോട്ടുപാലം കുംഭാര കോളനി പൊതുകിണർ ചെളി കോരി പാറ പൊട്ടിക്കൽ | 15,000 | 13/17-2-17 | 13,334 |
| 184/17<br><br>ചിറ്റണ്ട മുസ്ലീംപള്ളി മുൻവശം കിണർ വൃത്തിയാക്കൽ | 20,000 | 14/17-2-17 | 19500 |
| 85/17<br><br>ചിറ്റണ്ട UP School പരിസരം കിണർ വൃത്തിയാക്കൽ | 20,000 | 15/17-2-17 | 19803 |

പ്രവൃത്തിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. കരാറുകാരന് വർക്ക് ഓർഡർ നൽകിയതിന്റെയും, സ്ഥലം ഏറ്റെടുത്തതിന്റെയും രേഖകൾ ഫയലിൽ ഇല്ല.

2. കരാറിൽ പ്രവൃത്തിയുടെ ആരംഭം, പൂർത്തീകരണം എന്നിവ വ്യവസ്ഥ ചെയ്തിട്ടില്ല.

3. അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ പ്രോജക്ട് പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മിറ്റിയുടെ സാക്ഷ്യപത്രം എന്നിവ ഇല്ല.

മേൽ പറഞ്ഞവയുടെ അഭാവത്തിൽ കരാറുകാരന് തുക കൈമാറിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. രേഖകളുടെ അഭാവത്തിൽ മേൽ പ്രവൃത്തികൾക്കായി ഗ്രാമ പഞ്ചായത്തിനുണ്ടായ 52637/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 കുടിവെള്ള പദ്ധതികൾ - പൂർത്തിയായിട്ടില്ല.

എരുമപ്പെട്ടി ഗ്രാമ പഞ്ചായത്ത് 2016-17 പദ്ധതിയിൽ ഉൾപ്പെട്ട 3 കുടിവെള്ള പദ്ധതികൾക്കായി മൊത്തം 10,96,982/- രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. (TSB account No. 713011400000047 as per Treasury Bill No, 26/16-17, 27/16-17, 28/16-17 dtd. 15-3-17). കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | കരാർ നമ്പർ/തീയതി |
|---|---|---|---|
| 1 | മുരിങ്ങത്തേരി കോളനി കുടിവെള്ള ബോർവെൽ നിർമ്മാണം<br>156/17 | 2,00,000 | കരാർ നമ്പർ D/AE/EPTY/1<br>തീയതി 20-2-17. |
| 2 | എരുമപ്പെട്ടി BSNL പരിസരം കുടിവെള്ള പദ്ധതി<br>217/17 | 4,50,000 | D/AE/EPTY/2<br>തീയതി 20-2-17 |
| 3 | മോസ്കോ കൊടുമ്പ് കുടിവെള്ള പദ്ധതി<br>216/17 | 4,46,982 | D/AE/EPTY/3<br>തീയതി 20-2-17 |

ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയായിട്ടില്ല. പൂർത്തിയാകുന്ന മുറക്ക് ടി പ്രവൃത്തികളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരേക്കേണ്ടതാണ്. അതുവരെ ചെലവുകൾ തടസ്സപ്പെടുത്തുന്നു. (ഖണ്ഡിക 1-3(3) കൂടി കാണുക)

## 3-8 ബഡ്സ് സ്കൂൾ നിർമ്മാണം - ലക്ഷ്യം കൈവരിച്ചിട്ടില്ല.

പ്രൊജക്ട് നമ്പർ - 120/15

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

നിർവ്വഹണ രീതി - ഗുണഭോക്തൃ സമിതി.

അടങ്കൽ - 8,50,000/-

ചെലവ് (2016-17) - 1,80,516/- ബിൽ നമ്പർ 56/31-3-17

4,22,578/- „ 57/31-3-17

16,639/- „ 58/31-3-17

എഗ്രി. നമ്പർ - 72/AE/LSGD/EPTY/14-15 dt. 26-3-2015.

മാനസികമായും ശാരീരികമായും ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികളുടെ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് 2015 ൽ ഗുണഭോക്തൃ സമിതി വഴി നിർവ്വഹണം ആരംഭിച്ച ഈ സ്കൂളിന്റെ നിർമ്മാണം 2017 മാർച്ചിലാണ് പൂർത്തിയായത്. എരുമപ്പെട്ടി ഗ്രാമ പഞ്ചായത്തിലെ 6-ാം വാർഡിൽ സ്ഥാപിച്ചിട്ടുള്ള

പ്രസ്തുത സ്കൂൾ കെട്ടിടത്തിൽ രണ്ട് ക്ലാസ് മുറികളും, ഓഫീസ്, ടോയ് ലറ്റ് എന്നിവയും നിർമ്മിക്കുന്നതിനുള്ള പണികളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. ടി പ്രവൃത്തിയുടെ ഫൈനൽ ബിൽ പരിശോധിച്ചതിൽ മേൽ പറഞ്ഞ പ്രവൃത്തികൾ പൂർത്തീകരിച്ചതായി ഉറപ്പുവരുത്തുകയും, ഓഡിറ്റിന്റെ ഭാഗമായി അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ആയത് ബോദ്ധ്യപ്പെടുകയുമുണ്ടായി. കെട്ടിടത്തിന്റെ നിർമ്മാണം 29-3-2017 ന് പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ചുറ്റുമതിൽ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒന്നും തന്നെ ഒരുക്കിയിട്ടില്ലാത്തതിനാൽ പദ്ധതി പ്രവർത്തന പഥത്തിലെത്തിയിട്ടില്ല. 2 വർഷം സമയമെടുത്ത് പൂർത്തിയായ ടി പദ്ധതി നാളിതുവരെ ലക്ഷ്യം കൈവരിച്ചിട്ടില്ല എന്നത് നീതീകരിക്കാവുന്നതല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അടിസ്ഥാന സൗകര്യങ്ങൾ എത്രയും പെട്ടെന്ന് ഒരുക്കുകയും സ്കൂളിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ ഉടൻ കൈക്കൊള്ളേണ്ടതാണ്.

## 3-9 നിർമ്മിതിക്ക് തുക കൈമാറൽ--- അപാകതകൾ

പ്രോജക്ട് – ചങ്ങാലിക്കോടൻ വാഴ വിപണനകേന്ദ്ര നിർമ്മാണത്തിന് നിർമ്മിതിക്ക് തുക കൈമാറൽ (209/17)

അടങ്കൽ - 460000 (വികസനഫണ്ട്)

500000 (കൃഷി വകുപ്പ് ഫണ്ട്)

നിർവ്വഹണം - സെക്രട്ടറി

ബിൽ നം - 24/14.2.17 -- 230000

„ - 45/29.3.17 – 230000

ഭൗമസൂചിക പദവി ലഭിച്ച ചങ്ങാലിക്കോടൻ വാഴ വിപണന കേന്ദ്രനിർമ്മാണത്തിന് പഞ്ചായത്തും, കൃഷിവകുപ്പും യോജിച്ച് 'നിർമ്മിതി'ക്ക് തുക കൈമാറിയ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

അപാകതകൾ

1)'നിർമ്മിതി'യുമായി തുക നൽകിയ പഞ്ചായത്ത് സെക്രട്ടറി കരാറിലേർപ്പെട്ടിട്ടില്ല. കൃഷി ഓഫീസറുമായാണ് കരാർ.

2)നിർമ്മിതിയുടെ എസ്റ്റിമേറ്റ് ഇല്ല. മാത്രമല്ല കൺസൾട്ടൻസി ചാർജ് 8% ഉൾപ്പെടെയാണ് ചെലവ് എന്ന് കരാറിൽ ചേർത്തിട്ടുണ്ട്. സ.ഉ.(എം എസ്)133/2007, 18.5.2007പ്രകാരം കൺസൾട്ടൻസി ചാർജ് 8% അനുവദനീയമല്ല.

3)പ്രവൃത്തി നാളിതുവരെ പൂർത്തിയായിട്ടില്ല. (പഞ്ചായത്ത് കൈമാറാനുള്ള മുഴുവൻ ഫണ്ടും കൈമാറിയത് ശരിയല്ല.) പ്രവൃത്തി നടക്കുന്ന മുറയ്ക്ക് തവണകളായി മാത്രമെ നൽകേണ്ടിയിരുന്നുള്ളൂ.

4)കേന്ദ്രത്തിന്റെ ഉടമസ്ഥത പഞ്ചായത്തിനായിരിക്കണം.

5)കൃഷി വകുപ്പ് എത്ര തുക കൈമാറിയിട്ടുണ്ടെന്ന് വ്യക്തമല്ല. വകുപ്പ് തുക കൈമാറിയതിന് ആനുപാതികമായിട്ടേ പഞ്ചായത്ത് ഫണ്ട് നൽകേണ്ടിയിരുന്നുള്ളൂ.

പ്രവൃത്തി പൂർത്തിയാകുമ്പോൾ 8% കൺസൾട്ടൻസി ചാർജ് നൽകിയിട്ടില്ല എന്നും പകരം 2% ചാർജ്ജ് മാത്രമെ നൽകിയിട്ടുള്ളൂ എന്നും ഉടമസ്ഥത പഞ്ചായത്തിനാണെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 3-10 വികലാംഗതൊഴിൽ പരിശീലനകേന്ദ്രം പ്രയോജനപ്പെടുത്തിയിട്ടില്ല.

പദ്ധതി -- വികലാംഗതൊഴിൽ പരിശീലനകേന്ദ്രം ഉപകരണങ്ങൾ വാങ്ങൽ (S0179/17)

ബിൽ നം -- 51/16-17/30.3.17 --- 49499/-
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പഞ്ചായത്തിലെ ഭിന്നശേഷിയുള്ള വ്യക്തികൾക്ക് തയ്യൽ പരിശീലനം നൽകുന്നതിനായി സാമഗ്രികൾ വാങ്ങി.

| ഇനം | എണ്ണം |
|---|---|
| കട്ടിംഗ് ടേബിൾ | 1 |
| സ്റ്റീൽ റാക്ക് | 1 |
| സ്റ്റൂൾ | 5 |
| കസേര | 5 |
| തയ്യൽമെഷീൻ | 5 |
| ഓവർലോക്കിംഗ് മെഷീൻ | 1 |
| ഇലക്ട്രിക് മോട്ടോർ | 4 |
| കത്രിക | 6 |
| അളവ് ടേപ്പ് | 4 |

എന്നാൽ നാളിതുവരെ മെഷീനറികൾ ഉപയോഗപ്പെടുത്തിയിട്ടില്ല. സ്ഥലം പരിശോധിച്ചതിൽ വാങ്ങിയ എല്ലാ ഉപകരണങ്ങളും കൂട്ടിയിട്ട നിലയിലാണ്. പരിശീലനം നൽകുകയോ, പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കുകയോ ചെയ്തിട്ടില്ല. ശുദ്ധജലം ലഭ്യമല്ല. ശുചിമുറി പണിതെങ്കിലും വാതിൽ ഇല്ല.

02.10.2015 ലാണ് ഈ കേന്ദ്രം ഉദ്ഘാടനം ചെയ്തത്. കെട്ടിടത്തിന്റെ പരിസരം കാട്ടു പിടിച്ച അവസ്ഥയിലാണ്. ഭിന്നശേഷിയുള്ളവർക്ക് സുഗമമായ സഞ്ചാര സൗകര്യമില്ല. കെട്ടിടത്തിന് ചുറ്റുമതിൽ ഇല്ല.

പഞ്ചായത്തിന് നല്ല രീതിയിൽ നടത്തുവാൻ കഴിയുമായിരുന്ന ഒരു സ്ഥാപനമാണ് ആസൂത്രണത്തിന്റെ അഭാവത്തിൽ നശിച്ചുകൊണ്ടിരിക്കുന്നത്. വേണ്ടത്ര പരിശീലനാർത്ഥികളെ കണ്ടെത്തി മെഷീനറികൾ ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 വിനിയോഗവിവരം ഇല്ല -തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ വിനിയോഗവിവരം, കൈപ്പറ്റ് രസീത്, പൂർത്തീകരണ പത്രം എന്നിവ ലഭ്യമായിട്ടില്ല.

| പദ്ധതി | ബിൽ നം | തുക | ഏജൻസി | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|
| പഞ്ചായത്ത് | 18/28.1.17 | 225000 | KSEB,Kundannur-- | കൈപ്പറ്റ് രസീത്, |

| | | | | |
|---|---|---|---|---|
| റോഡിൽ ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന പോസ്റ്റ് മാറ്റൽ (79/17) | | | 195000<br>KSEB,വടക്കാഞ്ചേരി--30000 | വിനിയോഗവിവരം, പൂർത്തീകരണപത്രം |
| | 29/18.2.17 | 25700 | KSEB,Kundannur | കൈപ്പറ്റ് രസീത്, വിനിയോഗവിവരം |
| | 53/30.3.17 | 49200 | KSEB,Kundannur | കൈപ്പറ്റ് രസീത്, വിനിയോഗവിവരം |
| | | 299900 | | |

ചെലവ് 2,99,900/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-12 തെരുവുവിളക്ക് റിപ്പയർ(192/17)-- ടെണ്ടർ അപാകതകൾ

ബിൽ നം. -- 11/25.11.16 -- 3,19,653/-

സെക്രട്ടറി നടപ്പാക്കിയ സ്പിൽ ഓവർ പദ്ധതിയാണിത്. 2015-16ലെ പദ്ധതിക്കായി 15.1.16 ടെണ്ടർ വിളിച്ചു. 3 കരാറുകാർ ടെണ്ടർ സമർപ്പിച്ചു. ആയത് ഒന്നും സ്വീകരിക്കുവാൻ ആവില്ലെന്ന 21.1.16ലെ ഭരണസമിതിയുടെ 8-ാം നമ്പർ തീരുമാനപ്രകാരം റീടെണ്ടർ ചെയ്തു. മുൻപ് ടെണ്ടർ സമർപ്പിച്ചവരിൽ ഒരു കരാറുകാരൻ വീണ്ടും ടെണ്ടർ സമർപ്പിക്കുകയും ആ വ്യക്തിക്ക് കരാർ നൽകുകയും ചെയ്തു. ടെണ്ടർ നൽകിയ ഇനങ്ങളും, 2 ടെണ്ടറിലേയും നിരക്കും ചുവടെ ചേർക്കുന്നു.

| ഇനം | 15.1.16 ലെ നിരക്ക് | 10.2.16ലെ നിരക്ക് | വർക്ക് ഓർഡർ നിരക്ക് |
|---|---|---|---|
| ട്യൂബ് ലൈറ്റ് | 150 | 300 | 280 |
| സി.എഫ്.എൽ | 224 | 350 | 325 |
| സോഡിയം വേപ്പർ ലാംപ് | 1100 | 1600 | 1500 |

21.1.16ലെ ഭരണസമിതിയുടെ 8-ാം നമ്പർ തീരുമാനപ്രകാരം ലഭിച്ച ടെണ്ടറുകളിൽ രണ്ട് പേർക്ക് ബി- ക്ലാസ് ലൈസൻസ് ഇല്ല എന്നും ഒരാൾ വ്യത്യസ്ത പേരുകൾ ടെണ്ടറിലും കവറിലും ഉപയോഗിച്ചതിനാലും ഒഴിവാക്കി. ഇതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത വ്യക്തി തന്നെയാണ് പിന്നീട് കൂടിയ നിരക്കിൽ തെരഞ്ഞെടുക്കപ്പെട്ടത്. ഒരു മാസത്തിനുള്ളിൽ നിരക്കിൽ ഉണ്ടായ മാറ്റം ശ്രദ്ധേയമാണ്.

വ്യത്യസ്ത പേരുകൾ ഉപയോഗിച്ച് ആദ്യം കുറഞ്ഞനിരക്കിൽ ടെണ്ടർ സമർപ്പിച്ച വ്യക്തി തന്നെ പിന്നീട് നിരക്ക് കൂട്ടിയപ്പോൾ കരാറുകാരുടെ തെരഞ്ഞെടുപ്പിൽ ജാഗ്രത പുലർത്താമായിരുന്നു. ടെണ്ടർ നിരക്കുകൾ ന്യായമായവയാണെന്ന് വർക്ക് ഓർഡർ നൽകുന്നതിന് മുൻപ് ഉറപ്പുവരുത്തേണ്ടതാണ്.

## 3-13 കർഷകർക്ക് ഉൽപ്പാദനബോണസ് -- മുഴുവൻ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കും തുക കൈമാറിയിട്ടില്ല.

ബിൽ നം.-- 49/16-17/28.3.17—242000

കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ അക്കൗണ്ടിലേക്ക് തുക കൈമാറുകയാണ് സെക്രട്ടറി ചെയ്തിട്ടുള്ളത്. 568 കർഷകരുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയെങ്കിലും 12പേരുടെ അക്കൗണ്ടിൽ നാളിതുവരെ തുക ലഭിച്ചിട്ടില്ല എന്നാണ് സെക്രട്ടറി അറിയിച്ചത്. എല്ലാവരുടെയും അക്കൗണ്ടിൽ തുക ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# 3-14 ആശ്രയ പദ്ധതി തുക ചെലവഴിച്ചിട്ടില്ല.

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ ആശ്രയ പദ്ധതികൾക്കായി നാളിതുവരെ തുക ചെലവഴിച്ചിട്ടില്ല.

| പദ്ധതി | ബിൽ നം. | തുക | ഡി.ഡി. നം. |
|---|---|---|---|
| ആശ്രയഭവനപദ്ധതി (പട്ടികജാതി) S089/17 | 01/16-17/ 17.12.16 | 450000 | 340856/ 17.12.16 |
| ആശ്രയഭവനപദ്ധതി (ജനറൽ) S090/17 | 02/16-17/ 17.12.16 | 150000 | 340858/ 17.12.16 |

മേൽപ്പറഞ്ഞ പ്രകാരം തുകകൾ കുടുംബശ്രീ മെമ്പർ സെക്രട്ടറിക്ക് കൈമാറിയെങ്കിലും നാളിതുവരെ ചെലവഴിച്ചിട്ടില്ല. മാത്രമല്ല മുൻവർഷങ്ങളിലെ ഫണ്ട് ഇപ്പോഴാണ് ചെലവഴിക്കുന്നത്. തുക ചെലവഴിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-15 യഥാസമയം മരുന്ന് ലഭ്യമാകുന്നില്ല.

വിവിധ മരുന്ന് വാങ്ങൽ പദ്ധതികളിൽ മരുന്ന് യഥാസമയം ലഭ്യമാകുന്നില്ല.

1) പദ്ധതി -- ആയുർവേദഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ (44/17)

അടങ്കൽ -- 700000 സി ഫണ്ട് -- റോഡിതരം
നിർവ്വഹണം - മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)

ബിൽ നം-- 01/16-17/20.11.16 –3,00,000/-

02/16-17/31.1.17 – 4,00,000/-

മേൽ പ്രോജക്ട് പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിന് 7,00,000/- രൂപ ഔഷധിക്ക് മുൻകൂറായി കൈമാറി. എന്നാൽ 5,63,258/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമേ നാളിതുവരെ ലഭിച്ചിട്ടുള്ളൂ. ഔഷധിയുമായി മുദ്രപ്പത്രത്തിൽ കരാർ ഇല്ല. മാത്രമല്ല ഇൻവോയ്സുകൾ പ്രകാരം മുഴുവൻ മരുന്നുകളും ലഭ്യമാക്കാതെ പിന്നീടാണ് ലഭ്യമാക്കുന്നത്.

2)നിർവ്വഹണം - മെഡിക്കൽ ഓഫീസർ (പി. എച്ച്. സി.)

a)പദ്ധതി ---പാലിയേറ്റീവ് കിടപ്പ് രോഗികൾക്ക് എയർബെഡും, വീൽചെയറും നൽകൽ (214/17)

ബിൽ നം-- 07/16-17/31.3.17 പ്രകാരം 72,800/- രൂപ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിക്ക് നൽകിയെങ്കിലും 39,000/- രൂപയുടെ സാധനങ്ങൾ മാത്രമാണ് നിലവിൽ (ജൂലൈ 2017 ന്)

ലഭിച്ചിട്ടുള്ളൂ. 28 എയർബെഡിൽ 15എണ്ണമേ ലഭിച്ചിട്ടുള്ളൂ. (ഇൻവോയ്സ് നം -- PRF146/25.3.17)

b)പദ്ധതി --- പാലിയേറ്റീവ് കെയർ--- S048/17

ബിൽ നം-- 08/16-17/31.3.17 പ്രകാരം 66,268/- രൂപ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിക്ക് നൽകിയെങ്കിലും 40890രൂപയുടെ സാധനങ്ങൾ മാത്രമാണ് ഇപ്പോൾ ലഭിച്ചിട്ടുള്ളത്. (ഇൻവോയ്സ് 147/25.3.17)

പാലിയേറ്റീവ് കെയർ പോലെ അത്യാവശ്യമായി മരുന്നുകൾ ലഭ്യമാകേണ്ട പദ്ധതികളിൽ യഥാസമയം മരുന്നുകൾ ലഭ്യമാകാത്തത് പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നു.

3)നിർവ്വഹണം - സെക്രട്ടറി

പദ്ധതി -- ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (126/17)

ബിൽ നം-- 14/16-17/17.12.16 – 50,000/-രൂപ

ഡിഡി നം.-- 340857/17.12.16

തുക ഹോംകോസിന് നൽകിയെങ്കിലും നാളിതുവരെ 34,750/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

മരുന്നുകൾ യഥാസമയം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് -ട്രഷറിയിൽ നിന്നും പിൻവലിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല

പ്രോജക്ട് – ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്

പ്രോജക്ട് നമ്പർ - 69/17

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർ വൈസർ

ബിൽ നമ്പർ -1)09/16-17 തീ.22/2/17 തുക – 319400/- (വികസനഫണ്ട്)

2)10/16-17 തീ.22/2/17 തുക – 127900/- (വികസനഫണ്ട്)

3)ചെക്ക് നം.1748241/21.3.17,തുക -110000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

4)ചെക്ക് നം.1748242/21.3.17,തുക -223650/- (ജില്ല പഞ്ചായത്ത് വിഹിതം)

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് വിതരണത്തിനായി 7,80,950/- രൂപ മേൽപ്രകാരം പിൻവലിച്ചുവെങ്കിലും 7,33,550/- രൂപ മാത്രമേ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളൂ. 47,400/- രൂപ (ഐ.സി.ഡി.എസ്. സൂപ്പർ വൈസറുടെ പേരിലുള്ള എസ്.ബി.ഐ., വടക്കാഞ്ചേരി, അക്കൗണ്ട് നമ്പർ 67152880776 ൽ) ചെലവഴിക്കാതെ ശേഷിക്കുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, ടി തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-17 ഗാർഹിക കക്കൂസ് നിർമ്മാണം-ശുചിത്വ മിഷൻ വഴി കേന്ദ്രവിഹിതം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ., കുണ്ടന്നൂർ സർക്കിൾ

പ്രൊജക്ടിന്റെ പേര് : പുതിയ ഗാർഹിക കക്കൂസ് നിർമ്മാണത്തിന് ധനസഹായം (എസ്.സി &ജനറൽ)

പ്രൊജക്ട് നമ്പർ : 37/17(ജനറൽ), 38/17 (എസ്.സി)

ട്രഷറി ബിൽ നമ്പർ : 1/16-17 dt. 02.11.16 തുക – 662200/-(ജനറൽ), ഫണ്ട്-ധനകാര്യ കമ്മീഷൻ അവാർഡ്

ട്രഷറി ബിൽ നമ്പർ : 2/16-17 dt. 2.11.16 തുക – 523600/-(എസ്.സി), ഫണ്ട്-എസ്.സി.പി

സ.ഉ.(സാധാ)നം. 2235/2016/തസ്വഭവ തി. 25.07.16, ഖണ്ഡിക (viii) പ്രകാരം കക്കൂസ് നിർമ്മാണത്തിന് മുഴുവൻ തുകയും പദ്ധതി വിഹിതത്തിൽ നിന്ന് ചെലവഴിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ശുചിത്വമിഷൻ മുഖേന കേന്ദ്രവിഹിതം ലഭിക്കുമ്പോൾ ആയത് അധികവിഭവമായി വികസനപ്രൊജക്ടുകൾക്ക് ചെലവുചെയ്യാവുന്നതാണ്. 2016-17 വർഷം മേൽവിവരിച്ച പദ്ധതി പ്രകാരം 77 ഗുണഭോക്താക്കൾക്കാണ് കക്കൂസ് നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുള്ളത്. ആയതുപ്രകാരം 11,85,800/- രൂപ (77 x 15400/-) കേന്ദ്രവിഹിതം ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അർഹതയുണ്ട്. കേന്ദ്രസഹായം ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-18 മെഡിക്കൽ ഓഫീസർ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

2016-17 സാമ്പത്തികവർഷം മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പാലിയേറ്റീവ് കെയർ (S048/17) പദ്ധതിയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

| ബിൽ നം | തുക | അഭിപ്രായം |
|---|---|---|
| 1/16-17/21.10.16 | 160000 | 32060 രൂപയുടെ ചെലവ് രേഖകൾ ഇല്ല |
| 6/16-17/13.3.17 | 60400 | 30200 രൂപയുടെ ചെലവ് രേഖകൾ ഇല്ല |

62260 രൂപ തടസ്സപ്പെടുത്തുന്നു.

മറ്റ് അപാകതകൾ

1)ഓഡിറ്റിന് ഹാജരാക്കിയ ഹോംകെയറിന്റെ വൗച്ചറുകളിൽ തീയതി തിരുത്തിയതായി കാണുന്നു.2016 ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലെ വണ്ടി വാടക ഇനത്തിലുള്ള മുഴുവൻ വൗച്ചറുകളും തിരുത്തിയതാണ്.

2)ജിഒ(ആർടി) 3217/2015 തസ്വഭവ തീയതി 29.10.2015 പ്രകാരം ഗൃഹസന്ദർശനത്തിൽ പങ്കെടുക്കുന്ന വ്യക്തികൾക്ക് പരമാവധി 180 രൂപയാണ് പി എംസിയുടെ തീരുമാനപ്രകാരം ചെലവഴിക്കാനാവൂ. എന്നാൽ ചില ദിവസങ്ങളിൽ 300 രൂപ ചെലവഴിച്ചതായി കാണുന്നു. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-19 വിവാഹധനസഹായം -- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം നൽകിയതിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

മുൻവർഷങ്ങളിൽ വിവാഹം നടന്നവർക്ക് ധനസഹായം നൽകിയതായി കാണുന്നു. വൈകി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ ധനസഹായം നൽകുന്നതിന് ജില്ലാ കളക്ടർക്ക് അധികാരമുണ്ട്. എന്നാൽ അപേക്ഷകയുടെ മാപ്പപേക്ഷയോ, കളക്ടറുടെ അനുമതിപത്രമോ ഫയലിൽ ഇല്ല.

ബിൽ നം.25/16.2.17 – 1,80,000/- രൂപ

ബിൽ നം.39/14.3.17 – 2,40,000/- രൂപ

| ഗുണഭോക്താവിന്റെ പേര് | വിവാഹം നടന്ന തീയതി |
|---|---|
| നദീറ. എ.കെ. | 2.8.15 |
| പ്രേമ. കെ.പി. | 10.5.15 |
| ഷീല വിൽസൺ | 7.9.15 |
| നളിനി. കെ.എൻ. | 8.11.15 |
| സുലൈഖ. എം.കെ. | 23.11.15 |
| ലക്ഷ്മി ശങ്കരൻ | 16.1.2016 |
| ആമിന ഉസ്മാൻ | 13.12.15 |
| പ്രേമ കോഴിക്കാട്ടിൽ | 26.3.16 |

നളിനി. കെ.എൻ. എന്നവർ വിധവയാണെന്ന സർട്ടിഫിക്കറ്റ് ഇല്ല.

പല അപേക്ഷകളും രജിസ്റ്ററിൽ ചേർത്തിട്ടില്ല. ചേർത്തവയിലാകട്ടെ പേരും വിലാസവും മാത്രമേ ഉള്ളൂ. അന്വേഷണത്തിന് നൽകിയ തീയതി, തിരിച്ചുകിട്ടിയ തീയതി, അന്വേഷണറിപ്പോർട്ട്, ക്ഷേമകാര്യകമ്മറ്റി/ ഭരണസമിതി റിപ്പോർട്ട് എന്നിവ ഇല്ല.

നടപടിക്രമങ്ങൾ പാലിക്കാതെ ധനസഹായം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-20 ക്ഷേമപെൻഷൻ - രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1)കർഷകത്തൊഴിലാളി പെൻഷൻ

പല അപേക്ഷകളും അന്വേഷണത്തിന് നൽകിയതിന്റെ വിവരം മാത്രമേ ഉള്ളൂ.

| ക്രമ നമ്പർ | അപേക്ഷ ലഭിച്ച തീയതി | പേര് | അന്വേഷണത്തിന് നൽകിയത് |
|---|---|---|---|

| | | | |
|---|---|---|---|
| 12 | 7.10.15 | രമണി എടക്കാട്ട് | 13.10.15 |
| 13 | 13.10.15 | തങ്ക മുട്ടിക്കൽ | 13.10.15 |
| 14 | 13.10.15 | ഫാത്തിമ | 13.10.15 |

2)അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ

അപേക്ഷ ലഭിച്ച തീയതി മാത്രമാണ് ചേർത്തിട്ടുള്ളത്. ചില അപേക്ഷകളിൽ അന്വേഷണത്തിന് നൽകിയതായി കാണുന്നു.

| ക്രമ നമ്പർ | അപേക്ഷ ലഭിച്ച തീയതി | പേര് | അന്വേഷണത്തിന് നൽകിയത് |
|---|---|---|---|
| 14 | 9.6.16 | ചന്ദ്രിക. കെ.കെ. | ഇല്ല |
| 15 | 18.6.16 | ജാനു. പി.പി. | ഇല്ല |
| 16 | 29.6.16 | ദേവകി | ഇല്ല |
| 17 | 20.7.16 | മാർഗ്ഗിലി | ഇല്ല |
| 18 | 25.7.16 | മേരി. സി.പി. | ഇല്ല |
| 19 | 8.8.16 | കമലം | ഇല്ല |
| 27 | ഇല്ല | കൊച്ചു.വി.ആർ. | 7.12.16 |
| 28 | ഇല്ല | സരോജിനി.വി.കെ. | 7.12.16 |
| 29 | ഇല്ല | ചന്ദ്രിക | 7.12.16 |
| 30 | ഇല്ല | അനില | 7.12.16 |
| 32 | 4.2.17 | ഉഷ. സി.ആർ. | 28.2.17 |

3)വാർദ്ധക്യകാല പെൻഷൻ

| ക്രമ നമ്പർ | അപേക്ഷ ലഭിച്ച തീയതി | പേര് | അന്വേഷണത്തിന് നൽകിയത് |
|---|---|---|---|
| 27 | 8.12.16 | മാധവൻ. ടി.എസ്. | 30.12.16 |
| 28 | 9.12.16 | പരമേശ്വരൻ.പി.കെ. | 30.12.16 |
| 29 | 9.12.16 | പി.ഡി. തോമസ് | 30.12.16 |
| 30 | 13.12.16 | ശങ്കരൻകുട്ടി | 30.12.16 |

1.6.16 മുതൽ 10.8.16 വരെയുള്ള അപേക്ഷകളിൻമേൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. 02/17 മുതലുള്ള അപേക്ഷകൾ അന്വേഷണത്തിന് കൈമാറിയിട്ടുണ്ട്. രജിസ്റ്റർ പ്രകാരം മറ്റു നടപടികൾ ഇല്ല.

4)വിധവാ പെൻഷൻ

| ക്രമ നമ്പർ | അപേക്ഷ ലഭിച്ച തീയതി | പേര് | അന്വേഷണത്തിന് നൽകിയത് |
|---|---|---|---|
| 179 | ഇല്ല | കദീജ | 7.12.16 |
| 180 | ഇല്ല | ബീവാത്തു | 7.12.16 |
| 181 | ഇല്ല | രജിത | 7.12.16 |
| 192 | 22.12.16 | ഫാത്തിമാബി.പി.കെ. | 30.12.16 |

| | | | |
|---|---|---|---|
| 193 | 22.12.16 | ദേവയാനി. സി. കെ. | 30.12.16 |

5) വികലാംഗപെൻഷൻ

1.6.16 മുതൽ 8.8.16 വരെയുള്ള അപേക്ഷകളിൽ യാതൊരു നടപടിയും സ്വീകരിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടികൾ എടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിക്കുന്നില്ല.

രജിസ്റ്ററുകളിൽ അപേക്ഷ ലഭിച്ച തീയതി, അന്വേഷണത്തിന് നൽകിയ തീയതി, ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മറ്റി/ഭരണസമിതി തീരുമാനം എന്നീ എല്ലാ വിവരങ്ങളും ചേർത്ത് കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

## 3-21 സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

സെക്രട്ടറി പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും (S0200/17)വാങ്ങിയിട്ടുണ്ട്.

ബിൽ നം.-- 37/16-17 /14.3.17 – 184472

പഞ്ചായത്തിലെ എല്ലാ കമ്പ്യൂട്ടറുകളുടെയും വിശദാംശങ്ങൾ ഉൾപ്പെടുത്തി സർക്കുലർ നം.86/2010 /Fin 24.9.2010 പ്രകാരം കമ്പ്യൂട്ടറുകളുടെ ഹാർഡ് വെയറിനും സോഫ്റ്റ് വെയറിനും പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 3-22 സഞ്ചിതനിധി-തുക തിരികെ അടവാക്കിയിട്ടില്ല

എരുമപ്പെട്ടി പഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതികൾക്കായി മുൻ വർഷങ്ങളിൽ തൃശ്ശൂർ ഗ്രൗണ്ട് വാട്ടർ ഓഫീസിൽ അടവാക്കിയ തുക പദ്ധതികൾ നടപ്പാകാത്തതിനാൽ തിരികെ ലഭിചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു .

| ചെക്ക് നമ്പർ | തുക | ഉദ്ദേശം |
|---|---|---|
| 1801538 dt. 29.9.16 | 169193 | എരുമപ്പെട്ടി പഞ്ചായത്തിന്റെ pipeline extention പ്രവൃത്തി |
| 1801537 | 94600 | മങ്ങാടൻകുന്ന് കോളനി drinking water scheme |
| 1801536 dt.29.9.16 | 100000 | ജി.എൽ.പി.എസ്. എരുമപ്പെട്ടി – മഴവെള്ള കൊയ്ത്ത് പദ്ധതി |

മേൽപ്രകാരമുള്ള തുക പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ സഞ്ചിത നിധിയിലേയ്ക്ക് തിരികെ അടവാക്കിയിട്ടില്ലാത്തതുമാകുന്നു. (സ.ഉ.177/06/ഫിൻ തിയ്യതി 12.04.06 ഖണ്ഡിക 10.3)

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2016-17 | 2,25,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർപ്പ്ഷിപ്പ് | 223650 | 1350 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 110000 | “ | 110000 | _ |
| ജില്ല പഞ്ചായത്ത് | 2016-17 | 200000 | പാലിയേറ്റീവ് കെയർ | _ | 200000 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവ്യത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | എരുമപ്പെട്ടി ബി.എസ്.എൻ.എൽ. പരിസരം കുടിവെള്ള പദ്ധതി | 21601080/14.3.17 | 450000 | _ | 450000 |
| 2 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | മോസ്കോ കൊട്ടുമ്പ് കുടിവെള്ള പദ്ധതി | 21601082/14.3.17 | 446982 | _ | 446982 |
| 3 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | മുരിങ്ങത്തേരി കോളനി കുടിവെള്ള പദ്ധതി | 21601081/14.3.17 | 200000 | _ | 200000 |
| 4 | കെ.എസ്.ഇ.ബി. (കുണ്ടന്നൂർ സെക്ഷൻ) | സ്ട്രീറ്റ് ലൈറ്റ് കറന്റ് ബിൽ കൂടുതൽ വന്ന തുക | 21601242/10.3.17 | 20000 | _ | 20000 |
| 5 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | Yield test ന് നല്കിയത് | 21600845/27.1.17 | 6600 | - | 6600 |

* ക്രമ നം. 1,2,3,4,5 എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് തുക വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ്

ഷെഡ്യൂൾ B-18 Loans, advances and deposits എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

* ക്രമ നം. 1,2,3,4 എന്നിവ പ്രകാരമുള്ള മുൻകൂർ നൽകിയ തുക RP ഷെഡ്യൂൾ 47ൽ Loan, Advances & Deposit എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. (ഖണ്ഡിക 1-3(3) കൂടി കാണുക)

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

(RP ഷെഡ്യൂൾ 4-10 പ്രകാരം 14,472/- രൂപ വരവ് ചേർത്തിട്ടുണ്ട്. എന്നാൽ ഇത് ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈടാക്കിയ ഓഡിറ്റ് റിക്കവറിയല്ല.)

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3.53.1 | 2006-07 | 3.53.1 | മുൻകൂർ കൈപ്പറ്റിയിട്ടും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ഓഡിറ്റിന് ഹാജരാക്കാത്തതു സംബന്ധിച്ച് | ഈപദ്ധതികൾ പൂർത്തീകരിച്ച് അഡ്വാൻസ് തുക ഫൈനൽ ബില്ലിൽ ക്രമീകരിച്ചിട്ടുണ്ട് ന്യൂനത പരിഹാര പത്രിക |

| | | | | | |
|---|---|---|---|---|---|
| | | | | | 15/10/14 ന് സമർപ്പിച്ചിട്ടുണ്ട് |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 52698209 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 50996356 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 21055 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2450854 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 7097 | ഇല്ല | ശ്രീ. എൻ. ഹരികുമാർ, സെക്രട്ടറി |
| 2-2 | 13958 | - | ശ്രീ. ടി.പി. കുരിയൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 939075 | എം.ജി. ഷൈന, അസി.എഞ്ചിനീയർ |
| 3-6 | 52637 | എം.ജി. ഷൈന, അസി.എഞ്ചിനീയർ |
| 3-7 | 1096982 | എം.ജി. ഷൈന, അസി.എഞ്ചിനീയർ |
| 3-11 | 299900 | കുരിയൻ ടി.പി, സെക്രട്ടറി |
| 3-18 | 62260 | ഡോ.ടോണി. എ.കെ, മെഡിക്കൽ ഓഫീസർ |
| ആകെ | 2450854 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1980-81 | എൽ.എഫ്.ടി. 20 – 1249/98 /28.9.98 |
| 1981-82 | |
| 1982-83 | |
| 1983-84 | |
| 1984-85 | |
| 1985-86 | എൽ.എഫ്.ടി. 7 – 326/90/6.8.1990 |
| 1986-87 | എൽ.എഫ്.ടി. 7 – 326/90/6.8.1990 |
| 1987-88 | എൽ.എഫ്.ടി. 7 – 829/90/10.10.19991 |
| 1988-89 | എൽ.എഫ്.ടി. 9 – 230/1993/21.7.1993 |
| 1989-90 | എൽ.എഫ്.ടി. 9 – 230/1993/21.7.1993 |
| 1989-90, 1991-92 | എൽ.എഫ്.ടി. 9 – 362/1993/14.5.1993 |
| 1992-93, 1993-94 | എൽ.എഫ്.ടി. 9 – 431/95/25.6.96 |
| 1994-95 | എൽ.എഫ്.ടി. 20 – 75/2001/07.4.2001/31.5.2001 |
| 1995-96 | എൽ.എഫ്.ടി. 20 – 89/2001/7.4.2001 / 31.5.2001 |
| 1996-97 | എൽ.എഫ്.ടി. 9 – 426/98/26.9.98 |
| 1997-98, 1998-99 | എൽ.എഫ്.ടി. 20 – 20/1734/1999/5.8.2000 |
| 1999-2000 | എൽ.എഫ്.ടി. 20 – 20/685/2004 |
| 2000-2001, 2001-02 | എൽ.എഫ്.ടി. 17/686/2004 |
| 2002-03 | എൽ.എഫ്.ടി. 17 – 444/ 2006/17.6.2006 |
| 2003-04 | എൽ.എഫ്.ടി. 17 – 2207/2007/31.5.08 |
| 2004-05 | എൽ.എഫ്.ടി. 17 – 2425/2007/31.5.08 |
| 2005-06 | എൽ.എഫ്.ടി. 17- 2426/2007/16.10.08 |
| 2006-07 | എൽ.എഫ്.ടി. 17 – 1130/10/20.1.2011 |
| 2007-08 | എൽ.എഫ്.ടി.17 – 1131/10/ 20.1.2011 |

| | |
|---|---|
| 2008-09 | എൽ.എഫ്.ടി. ( പി3) 218/11/29.11.2011 |
| 2009-10 | എൽ.എഫ്.ടി. (പി 3) 218/11/29.11.2011 |
| 2010-11 | എൽ.എഫ്.ടി. (പി 1)2274 / 12/8.3.13 |
| 2011-12 | എൽ.എഫ്.ടി.(പി 1) 732/13/12.8.13/ 17.10.13 |
| 2012-13 | എൽ.എഫ്. ടി.(പി 5) 2148 / 13/ 5.7.14 /30.9.14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.പി.5.327/<br>15/20.8.15/5.10.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി.5/1217/16/23.7.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.പി.5/2227/16/6.1.2017 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി5)1195/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020, തിയ്യതി:29.08.2017

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ.

No.KSA-TSR(P3)1195/17

Office of the Joint Director of

Kerala State Audit Department,

District Audit Office, Thrissur-20

PIN 680 020 Dated 28.08.2017

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Erumapetty Grama

panchayath in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Erumapetty Grama Panchcyath for the year 2016-17, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office, Thrissur